ജില്ലാദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ &
പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ :ഡി.ബാലമുരളി, ഐ.എ.എസ്)

നമ്പർ: 2018/19392/9.

തീയതി: 16/08/2018.

വിഷയം:- പാലക്കാട് ജില്ലയിൽ കാലവർഷകെടുതി ബാധിത പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് കുടിവെള്ളം വിതരണംചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ വെച്ച് 16/8/18 ന് കാലത്ത് 9.30 മണിക്ക് കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ റിവ്യു മീറ്റിങ്ങിലെ തീരുമാനം.

......... ............. ..........

കാലവർഷകെടുതി ബാധിത പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു:കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ റിവ്യു മീറ്റിങ്ങിലെ തീരുമാന പ്രകാരം പാലക്കാട് ജില്ലയിലെ ശ്രീ.പ്രകാശൻ, സെക്ഷൻ എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി (8547638023) എന്നവരെ നോഡൽ ഓഫീസറായും, ടിയാന്റെ നേതൃത്വത്തിൽ കളക്ട്രേറ്റിലെ ഒരു ദുരന്ത നിവാരണ സുപ്രണ്ടും, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിലെ ഒരു ജൂനിയർ സൂപ്രണ്ട് സീനിയർ സുപ്രണ്ടിനെയും ഉൾപ്പെടുത്തിക്കൊണ്ട് ദുരന്തബാധിത പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് കുടിവെള്ളം വിതരണം ഏകോപിപ്പിക്കുന്നതിനും മറ്റെല്ലാനപടികൾക്കുമായി ഒരു സെല്ല് രൂപീകരിച്ച് അടിയന്തിരമായി പ്രവർത്തനം തുടങ്ങാൻ സുചനപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ താഴെ പറയുന്ന ടീമിനെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്ര.നം | പേര് | തസ്തിക / വകുപ്പ് |
|---|---|---|
| 1 | ശ്രീ.പ്രകാശൻ | സെക്ഷൻ എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാട്. ടീം ലീഡർ) (8547638023) |
| 2 | ശ്രീ.മുഹമ്മദ് റാഫി | ജൂനിയർ സുപ്രണ്ട്, കളക്ടറേറ്റ് |
| 3 | ശ്രീ.പ്രസാദ്.എം | ജൂനിയർ സുപ്രണ്ട്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, പാലക്കാട്. |

പ്രസ്തുത ഉദ്യോഗസ്ഥർ ജില്ലാ കളക്ടർ മുമ്പാകെ ഹാജരായി കളക്ട്രേറ്റ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജില്ലാതലത്തിലെ വാട്ടർടീം പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. തൽസ്ഥിതി പ്രവർത്തനം ജില്ലാ കളക്ടറെ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ ടി പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്.

ജില്ലാ കളക്ടർ

സ്വീകർത്താവ് :-

ഉദ്യോഗസ്ഥർക്ക് മേലധികാര് മുഖാന്തിരം

പകർപ്പ് :-

1) എക്സിക്യൂട്ടീവ് എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാട്.
2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, പാലക്കാട്.
3) ഡെപ്യൂട്ടി കളക്ടർ, ആർ.ആർ. പാലക്കാട്.
4) എ.ഡി.എം / ജില്ലാ കളക്ടർ സി.എ. മാർക്ക്
5) ജെ5 കരുതൽ ഫയൽ.